ഉത്തരം

(എ) ചാലക്കുടി താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു.

(ബി) കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വെ നമ്പർ 435/1, 437/1, 437/2-ൽ ഉൾപ്പെട്ടുവരുന്ന യഥാക്രമം 0.5990 ഹെക്ടർ, 0.6556 ഹെക്ടർ, 0.2266 ഹെക്ടർ കൂടി ഒട്ടാകെ 1.4812 ഹെക്ടർ ഭൂമി രേഖകൾ പ്രകാരം റവന്യൂ പുറമ്പോക്കായി (ആപ്പിൻ നഗരം - പുറമ്പോക്ക്) രേഖപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം കൊച്ചിൻ റീ-ഫ്രാക്ടറീസ് എന്ന കമ്പനിക്കുവേണ്ടി വ്യവസായ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. കൊച്ചിൻ റീ ഫ്രാക്ടറീസ് വർഷങ്ങളായി പ്രവർത്തന മില്ലാതെ അടഞ്ഞുകിടക്കുന്നതാണ്. മേൽപ്പറഞ്ഞ സ്ഥലത്താണ് താലൂക്കാഫീസ് നിർമ്മാണത്തിനായി രണ്ട് ഏക്കർ ഭൂമി കണ്ടെത്തിയിരിക്കുന്നത്. വ്യവസായ വകുപ്പിൽനിന്നും ഭൂമിയുടെ കൈവശാവകാശം 2011-ൽ ചാലക്കുടി നഗരസഭയ്ക്ക് കൈമാറിയതായി അറിയുന്നതിനാൽ അതിന്റെ നിയമ സാധുത പരിശോധനാ വിഷയമാക്കേണ്ടതുണ്ട്. പദ്ധതി നിർവ്വഹണത്തിന് വ്യവസായ വകുപ്പിൽനിന്നും സമ്മതം ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കി ഭൂമി റവന്യൂവകുപ്പിന്റെ പരിപൂർണ്ണമായ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള ഔപചാരിക നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

കാസർഗോഡ് ജില്ലയിലെ മുക്കുപാലം പണി

70 (2563) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മാടക്കാൽ മുക്കുപാലം ദുരന്തനിവാരണ വകുപ്പുമുഖേന പണിത് മാസങ്ങൾ കഴിയുവെ തകർന്നത് സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തിയും ഇതോടൊപ്പം തടസ്സപ്പെട്ട പടന്നക്കടപ്പുറം മുക്കുപാലം പണിയും എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മാടക്കാൽ മുക്കുപാലം തകർന്നത് സംബന്ധിച്ച കാര്യത്തിൽ കാസർഗോഡ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ യൂണിറ്റ് വി.സി.3/2014/കെ.എസ്.ഡി. ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാടക്കാൽ പാലത്തിലുണ്ടായ വിനോദസഞ്ചാരികളുടെ അധികപ്രവാഹം കണക്കിലെടുത്ത് മാടക്കാൽ ഇക്കുപാലത്തിന്റെയും പടന്ന കടപ്പുറത്ത് നിർമ്മിക്കുന്ന ഇക്കുപാലത്തിന്റെയും ശേഷി വർദ്ധിപ്പിക്കണമെന്ന് പൊതുജനങ്ങളും മറ്റ് സാങ്കേതിക വിദഗ്ധരും ആവശ്യപ്പെട്ടകയുണ്ടായതിനാൽ ഈ നിർദ്ദേശം പരിഗണിച്ച് പുനർ രൂപകൽപ്പന തയ്യാറാക്കിവരുന്നു.

കാസർഗോഡ് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസം

71 (2564) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചുവെന്ന് നിയോജകമണ്ഡലം തിരിച്ച കണക്ക് സഹിതം നൽകാമോ ;

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്നും പണം അനുവദിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ അനുവദിക്കാൻ ചുവടെപ്പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു :

G.O. (Ms) No. 384/2012/DMD dated 10-10-2012

G.O. (Ms) No. 378/2013/DMD dated 10-9-2013

G.O. (Ms) No. 447/2014/DMD dated 25-10-2014

G.O. (Ms) No. 194/2015/DMD dated 20-5-2015

(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസപദ്ധതിയിൽ ഉൾപ്പെടുത്തി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കാറില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12 മുതൽ അനുവദിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

2011-12	5,21,10,000
2012-13	8,38,36,725
2013-14	10,64,39,289
2014-15	7,03,00,000

(സി) തടസ്സങ്ങൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly